ഉടുമ്പൻചോല ടൗണിനു സമീപമുള്ള ജല സംഭരണിയുടെ പണികൾക്കുള്ള കരാർ നടപടി പൂർത്തിയായി. മറ്റ് പദ്ധതി ഘടകങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

എൻ.സി.പി. സ്ക്മീൽ പ്രവർത്തിക്കുന്ന ചാത്തമംഗലം കുടിവെള്ള പദ്ധതി

84(1360) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തികൾ നടക്കുന്ന കുടിവെള്ള പദ്ധതികൾ എത്ര; ഇതിന്റെ പണി എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ;

(ബി) എൻ.സി.പി. സ്കീമിലുള്ള ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 4, 5, 6, പ്രവൃത്തിയുടേയും 8, 10, വാർഡിലെ പ്രവൃത്തിയുടേയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) 2001-ലെ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തികൾ നടക്കുന്ന പതിനൊന്ന് പദ്ധതികളാണുള്ളത്. അവയുടെ പേര് വിവരവും കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതിയും താഴെ പറയുന്നു.

1. മുക്കം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 5, 6-ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 6/2006
2. മുക്കം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 7, 10 (പാർട്ട്)-ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2006.
3. മുക്കം പഞ്ചായത്തിലെ എൻ.സി./പി.സി. വാർഡ് 10-ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2006
4. മുക്കം പഞ്ചായത്തിലെ മിനി-ചേന്ദമംഗല്ലൂർ ശുദ്ധജല വിതരണ പദ്ധതി - 6/2006
5. മുക്കം പഞ്ചായത്തിലെ വട്ടോളിപറമ്പ് ശുദ്ധജല വിതരണ പദ്ധതി - 3/2006
6. മുക്കം പഞ്ചായത്തിലെ പണിയരുകുന്ന് ശുദ്ധജല വിതരണ പദ്ധതി - 6/2006.

LIBRARY ARCHIVES Kerala Legislative Assembly

7. ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി./പി.സി. വാർഡ് 4, 5, 6 - ലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2007.

8. ചാത്തമംഗലം പഞ്ചായത്തിലെ ഈഗിൾ പ്ലാന്റേഷൻ ശുദ്ധജല വിതരണ പദ്ധതി - 8/2006.

9. ചാത്തമംഗലം പഞ്ചായത്തിലെ കരിയാത്തൻകുന്ന് ശുദ്ധജല വിതരണ പദ്ധതി - 8/2006

10. ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി/പി.സി. വാർഡ് 10-ലേയ് ക്കുള്ള ശുദ്ധജല വിതരണ പദ്ധതി - 3/2007.

11. കയ്യിട്ടാമ്പൊയിൽ ശുദ്ധജല വിതരണ പദ്ധതി - 12/2006.

(ബി) എൻ.സി./പി.സി. സ്കീമിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 4, 5, 6-ന്റെ പ്രവൃത്തികൾ ടെന്റർ ചെയ്ത് പണികൾ ആരംഭിച്ചിട്ടുണ്ട്. 8, 10, വാർഡിലെ പ്രവൃത്തികൾ 4, 5, 6 വാർഡിലെ കിണറിന്റെ പണികൾ തീർന്നശേഷം ടെന്റർ ചെയ്ത് പണികൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കോട്ടയം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

85(1361) ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ നാട്ടകം, കുമരകം, തിരുവാർപ്പ്, മണർകാട്, വിജയപുരം പഞ്ചായത്തുകളിൽ അനുവഭപ്പെടുന്ന കുടിവെള്ളക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊ ള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻകാലങ്ങളിൽ ചെയ്തതുപോലെ ജലശൃംഖലയിലെ വാൽവുകൾ ക്രമീകരിച്ച് വിതരണ ശൃംഖല മേഖലയായി തിരിച്ച് പല ദിവസങ്ങളിലായി ജലവി തരണം നടത്തി ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനാണ് ഉദ്ദേശി ക്കുന്നത്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധജല പദ്ധതിയുടെ പണികൾ

86(1362) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭ വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly